

പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി XIV

(SUBJECT COMMITTEE XIV)

ആഭ്യന്തര കാര്യങ്ങൾ

(HOME AFFAIRS)

2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

2026 ഒക്ടോബർ 26-ാം തീയതി സമർപ്പിച്ചത്

(Presented on 26th October, 2026)

കേരളനിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനാറാം കേരളനിയമസഭ

(SIXTEENTH KERALAM LEGISLATIVE ASSEMBLY)

സബ്ജക്ട് കമ്മിറ്റി XIV

(SUBJECT COMMITTEE XIV)

ആഭ്യന്തര കാര്യങ്ങൾ

(HOME AFFAIRS)

2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

[കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്]

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	-	v
അവതാരിക	-	vii
റിപ്പോർട്ട്	-	1

സബ്ജക്ട് കമ്മിറ്റി XIV

ആഭ്യന്തര കാര്യങ്ങൾ

(2026-2028)

ഘടന

ചെയർപേഴ്സൺ :

ശ്രീ. രമേശ് ചെന്നിത്തല,
ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പ് മന്ത്രി

അംഗങ്ങൾ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. കെ. ജയന്ത്

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. വി. മുരളീധരൻ

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. പി. പ്രസാദ്

ശ്രീ. എൻ. ശക്തൻ

ശ്രീ. വർഗ്ഗീസ് മാമ്മൻ

ശ്രീ. പിണറായി വിജയൻ

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി ഷബാന അഞ്ജും, അഡീഷണൽ സെക്രട്ടറി

ശ്രീ. ഹരിശങ്കർ പി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി മീര ജി.എസ്., അണ്ടർ സെക്രട്ടറി

അവതാരിക

ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരളനിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം സമിതി ചെയർപേഴ്സണായ ഞാൻ സമർപ്പിക്കുന്നു.

2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV ന്റെ (ആഭ്യന്തരകാര്യങ്ങൾ) അഞ്ചാമത് റിപ്പോർട്ട് 2025 മാർച്ച് 3-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടികൾ 16.02.2026, 14.08.2026, 15.10.2026 തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

പതിനാറാം കേരളനിയമസഭയുടെ 23.06.2026 ലെ ബുള്ളറ്റിൻ ഭാഗം 2 നം. 24 പ്രകാരം ഈ റിപ്പോർട്ടിലെ വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട ശിപാർശ ഖണ്ഡികകൾ സബ്ജക്ട് കമ്മിറ്റി IV (വ്യവസായവും ധാതുക്കളും)ലേയ്ക്കും, പാർലമെന്ററി കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)ലേയ്ക്കും, നീതിന്യായ നിർവ്വഹണം, തിരഞ്ഞെടുപ്പുകൾ, പൊതുഭരണം, ഇൻഫർമേഷനും പബ്ലിക് റിലേഷനും, പ്രവാസി കേരളീയരുടെ കാര്യങ്ങൾ , വിമാനഗതാഗതം, ശാസ്ത്രവും സാങ്കേതികവിദ്യയും മറ്റ് ഏതൊരു കമ്മിറ്റിയിലും ഉൾപ്പെടാത്ത മറ്റ് എല്ലാ വിഷയങ്ങളും സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തികകാര്യങ്ങൾ)ലേയ്ക്കും കൈമാറി നൽകിയിട്ടുണ്ട്.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം ഭാഗത്തിൽ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സബ്ജക്ട് കമ്മിറ്റി XIV പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്ത സർക്കാർ മറുപടികളും രണ്ടാം ഭാഗത്തിൽ **(പതിനാറാം കേരളനിയമസഭയുടെ 23.06.2026 ലെ ബുള്ളറ്റിൻ ഭാഗം 2 നം. 24 പ്രകാരം** സബ്ജക്ട് കമ്മിറ്റി IV, VII, VIII എന്നിവിടങ്ങളിലേയ്ക്ക് കൈമാറി നൽകിയതൊഴികെയുള്ള ശിപാർശകൾ) മറുപടി ലഭ്യമാക്കാത്ത ശിപാർശകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

2026 ഒക്ടോബർ 15-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

രമേശ് ചെന്നിത്തല,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി XIV.

തിരുവനന്തപുരം,
2026 ഒക്ടോബർ 26

റിപ്പോർട്ട്

ഭാഗം – I

2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും.

2015-00-101-99-സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് കീഴിൽ നിലവിലുള്ള വാഹനങ്ങളുടെ സംരക്ഷണം, അറ്റകുറ്റപ്പണി എന്നിവയ്ക്കും ഇന്ധനചെലവിനുമായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനഃപുനർവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 50)

സ്വീകരിച്ച നടപടി

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന് കീഴിൽ നിലവിലുള്ള വാഹനങ്ങളുടെ സംരക്ഷണം, അറ്റകുറ്റപ്പണി എന്നിവയ്ക്കായി 2015-00-101-99-00-21-02 എന്ന ശീർഷകത്തിൽ ₹ 1,22,000/-രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. അഡീഷണൽ ഓതറൈസേഷൻ ആയി ₹2,00,000/- രൂപയും അനുവദിച്ചിരുന്നു. ഇന്ധന ചെലവിനായി 2015-00-101-99-00-45 എന്ന ശീർഷകത്തിൽ ₹ 3,09,000/-രൂപ ബജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. അഡീഷണൽ ഓതറൈസേഷൻ ആയി ₹3,00,000/- രൂപയും അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നം.ഇ.എം.2/135/2025 തീയതി 02.02.2026)

ശിപാർശ

2015-00-109-99- പഞ്ചായത്തുകളിലേക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പുകൾ നടത്തിപ്പ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതുതെരഞ്ഞെടുപ്പിനും ഉപതെരഞ്ഞെടുപ്പുകൾക്കും വേണ്ട തുക കൂടാതെ പുതിയതായി വാങ്ങുന്ന ഇ.വി.എം.കളുടെ കയറ്റിറക്ക് കൂലി , മറ്റു ജില്ലകളിൽ എത്തിക്കുന്നതിനുള്ള ചെലവ് , Warehouse maintenance, വോട്ടർ പട്ടികയുടെ പരിഷ്കരണം , തെരഞ്ഞെടുപ്പ് സാമഗ്രികളുടെ വിതരണം തുടങ്ങി വിവിധ ചെലവുകൾക്കായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 270 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനർവിനിയോഗം വഴി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 54)

സ്വീകരിച്ച നടപടി

പഞ്ചായത്തുകളിലേക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും തിരഞ്ഞെടുപ്പുകൾ നടത്തിപ്പിനുള്ള ചിലവ് ഇനത്തിൽ 2015-00-109-99-00-34-03 എന്ന ശീർഷകത്തിൽ ₹100 കോടി ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരുന്നു. അഡീഷണൽ ഓതറൈസേഷൻ ആയി ₹100 കോടിയും അനുവദിച്ചിരുന്നു. ഇലക്ഷൻ ചെലവുകൾക്കായി പോലീസ് വകുപ്പിന് നൽകുന്നതിനായി വീണ്ടും ₹8,91,30,000/- രൂപയും അനുവദിച്ചു നൽകിയിരുന്നു . ടി തുക പോലീസ് വകുപ്പിന് കൈമാറിയിട്ടുള്ളതാണ്.

2025 പൊതുതിരഞ്ഞെടുപ്പിന്റെ ചിലവുകൾക്കായി ₹ 100 കോടി കൂടി അഡീഷണൽ ഓതറൈസേഷൻ ആയി ആവശ്യപ്പെട്ടിട്ടുണ്ട്.

(സർക്കാർ കത്ത് നം.ഇ.എം.2/135/2025 തീയതി 02.02.2026)

ശിപാർശ

2015-00-110-99-സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ

സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ ഓഫീസിലെ യാത്രാബത്ത, വൈദ്യുതി, വെള്ളം, ടെലഫോൺ തുടങ്ങിയവയുടെ ചാർജസ് , സ്റ്റേഷനറിയും പ്രിന്റിംഗും, കമ്മീഷനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു നൽകേണ്ട തുക , സ്ഥലപരിശോധനയുമായി ബന്ധപ്പെട്ട ഇന്ധനചെലവ് എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ താഴെപ്പറയുന്ന കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുനർവിനിയോഗം വഴി വകയിരുത്തുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഇനം	ആവശ്യപ്പെടുന്ന തുക
04-01-യാത്രാചെലവ്	4 ലക്ഷം രൂപ
05-04-മറ്റിനങ്ങൾ	10 ലക്ഷം രൂപ
34-3-മറ്റിനങ്ങൾ	20 ലക്ഷം രൂപ
45-പി. ഒ. എൽ.	1 ലക്ഷം രൂപ

(ഖണ്ഡിക 55)

സ്വീകരിച്ച നടപടി

04-01-യാത്രാചെലവ്, 05-04-മറ്റിനങ്ങൾ, 45-പി.ഒ.എൽ എന്നീ ശീർഷകങ്ങളിൽ സമിതി ശിപാർശ ചെയ്തിരുന്ന പ്രകാരമുള്ള തുക അനുവദിച്ച് ഉത്തരവായിരുന്നുവെങ്കിലും 34-3-മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ മാത്രമേ അനുവദിച്ച് നൽകിയിട്ടുള്ളൂ . അവശേഷിക്കുന്ന 10 ലക്ഷം രൂപ അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം.ഇ.എം.2/135/2025 തീയതി 02.02.2026)

ശിപാർശ

2062-00-103-99-കേരള ലോകായുക്ത, 1998

ബഹു. ലോകായുക്ത, ഉപലോകായുക്തമാർ, ക്യാമ്പിന് നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ, ഇൻവെസ്റ്റിഗേഷൻ ഏജൻസിയിലെ പോലീസ് ഉദ്യോഗസ്ഥർ എന്നിവരുടെ യാത്രാബത്ത നൽകുന്നതിനായി 04-1-യാത്രാബത്തയിനത്തിൽ 2 ലക്ഷം രൂപയും പുതിയതായി ചാർജെടുക്കുന്ന ഉപലോകായുക്തമാരുടെ ഓഫീസ്/ഹൗസ് ഫർണിഷിംഗ് എന്നിവയ്ക്കായി 05-4-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ എന്നതിൽ 5 ലക്ഷം രൂപയും ഫർണിച്ചറുകൾ വാങ്ങൽ, അഡ്വക്കേറ്റ് ഫീസ് എന്നിവയ്ക്കായി 34-3-മറ്റുചെലവുകൾ-മറ്റിനം എന്നതിൽ 5 ലക്ഷം രൂപയും ഇൻ വെസ്റ്റിഗേഷൻ ഏജൻസിക്ക് യാത്ര ചെയ്യുന്നതിന് കാർ വാങ്ങുന്നതിലേക്കായി 21-1-വാഹനം വാങ്ങൽ എന്ന ഇനത്തിൽ 10 ലക്ഷം രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

സർക്കാർ സ്വീകരിച്ച നടപടി

23.01.2026 തീയതിയിലെ സ. ഉ. (സാധാ) നമ്പർ 687/2026/ധന പ്രകാരം 04-1-യാത്രാബത്ത എന്ന ഇനത്തിൽ ആകെ 2,00,000/- രൂപ അനുവദിച്ചിട്ടുണ്ട്.

13.10.2025 തീയതിയിലെ സ. ഉ. (സാധാ) നമ്പർ 8191/2025/ധന പ്രകാരം 05-4-ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ എന്ന ഇനത്തിൽ ആകെ 12,00,000/- രൂപ അനുവദിച്ചിട്ടുണ്ട്.

09.09.2025-ലെ സ. ഉ. (സാധാ) നമ്പർ 7230/2025/ധന പ്രകാരം 21-1-വാഹനങ്ങൾ വാങ്ങൽ എന്ന ഇനത്തിൽ 60,00,000/- രൂപയും അനുവദിച്ചിട്ടുണ്ട്.

മറ്റ് ശീർഷകത്തിൽ ബജറ്റ് വിഹിതത്തിലും അധികരിച്ച ചെലവിന് ഉപോൽബലകമായ രേഖകളും ശിപാർശകളും വകുപ്പ് മേധാവി സമർപ്പിക്കാത്തതിനാൽ 2025-26 സാമ്പത്തിക വർഷം സമിതി ശിപാർശ പ്രകാരമുള്ള അധിക തുക

അനുവദിക്കേണ്ടി വന്നില്ല.

(സർക്കാർ കത്ത് നം.വിജി.സി3/109/2026-വിജി. തീയതി 22.06.2026)

ശിപാർശ

2062-00-104-99-വിജിലൻസ്

2025-26 സാമ്പത്തിക വർഷം വിജിലൻസ് വകുപ്പിന് താഴെ സൂചിപ്പിച്ചിട്ടുള്ള കണക്കിനങ്ങളിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത കണക്കിനങ്ങളിൽ ഓരോന്നിനും നേരെ സൂചിപ്പിച്ചിട്ടുള്ള തുക അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

	ആവശ്യപ്പെടുന്ന തുക
05-1-വെള്ളക്കരം	3 ലക്ഷം രൂപ
05-2-വൈദ്യുതി ചെലവ്	5 ലക്ഷം രൂപ
05-4-മറ്റിനങ്ങൾ	10 ലക്ഷം രൂപ
06-വാടക, കരം, നികുതി	15 ലക്ഷം രൂപ
15-രഹസ്യസേവന ചെലവുകൾ	5 ലക്ഷം രൂപ
17-ചെറുകിട മരാമത്ത് പണികൾ	50,000 രൂപ
21-2-സംരക്ഷണവും അറ്റകുറ്റപ്പണികളും	10 ലക്ഷം രൂപ
21-3-ഇൻഷ്വറൻസ്	10 ലക്ഷം രൂപ
28-തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ	1 ലക്ഷം രൂപ
34-3-മറ്റു ചെലവുകൾ	2 ലക്ഷം രൂപ
45-പി.ഒ.എൽ.	20 ലക്ഷം രൂപ
59-സമ്മാനങ്ങളും അവാർഡുകളും	10,000 രൂപ

(ഖണ്ഡിക 85)

സർക്കാർ സ്വീകരിച്ച നടപടി

19.02.2026 തീയതിയിലെ സ. ഉ. (സാധാ) നം. 1609/2026/ധന പ്രകാരം 2062-00-104-99-05-1-വെള്ളക്കരം എന്ന ഇനത്തിൽ 60,000/- രൂപയും

05.02.2026 തീയതിയിലെ സ. ഉ. (സാധാ) നം. 1096/2026/ധന, 19.03.2026-ലെ സ. ഉ. (സാധാ) നം. 3079/2026/ധന പ്രകാരം 2062-00-104-99-06-വാടക, കരം, നികുതി എന്ന ഇനത്തിൽ 7,56,000/- രൂപയും

10.03.2026 തീയതിയിലെ സ. ഉ. (സാധാ) നം. 2484/2026/ധന പ്രകാരം 2062-00-104-99-21-2-മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ഇനത്തിൽ 5,00,000/- രൂപയും

22.09.2025 തീയതിയിലെ സ. ഉ. (സാധാ) നം. 7679/2025/ധന, 19.02.2026-ലെ സ. ഉ. (സാധാ) നം. 1609/2026/ധന പ്രകാരം 2062-00-104-99-28-തൊഴിൽ പരവും പ്രത്യേക സേവനങ്ങൾക്കായുള്ള ചെലവുകൾ എന്ന ഇനത്തിൽ 3,00,000/- രൂപയും

19.05.2025 തീയതിയിലെ സ. ഉ. (സാധാ) നം. 4490/2025/ധന പ്രകാരം 2062-00-104-99-34-3-മറ്റു ചെലവുകൾ എന്ന ഇനത്തിൽ 2,00,000/- രൂപയും

19.02.2026-ലെ സ. ഉ. (സാധാ) നം. 1609/2026/ധന പ്രകാരം 2062-00-104-99-45-പി.ഒ.എൽ. എന്ന ഇനത്തിൽ 1,12,000/- രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്.

2062-00-104-99-06-വാടക, കരം, നികുതി എന്ന ഇനത്തിൽ തന്നെ വീണ്ടും അധികമായി ശിപാർശ ചെയ്തിരുന്നതിൽ ഈ സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതം ലഭ്യമല്ലാത്ത സാഹചര്യത്തിൽ 2026-27 സാമ്പത്തിക വർഷത്തേയ്ക്ക് മാറ്റി വയ്ക്കുവാൻ അഭ്യർത്ഥിച്ചിരുന്നു.

മറ്റ് ശീർഷകങ്ങളിൽ ബജറ്റ് വിഹിതത്തിലും അധികരിച്ച ചെലവിന് ഉപോൽ ബലകമായ രേഖകളും ശിപാർശകളും വകുപ്പ് മേധാവി സമർപ്പിക്കാത്തതിനാൽ

2025-26 സാമ്പത്തിക വർഷം സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടി വന്നില്ല.

(സർക്കാർ കത്ത് നം.വിജി.സി3/109/2026-വിജി. തീയതി 22.06.2026)

ശിപാർശ

2062-00-105-99-വിജിലൻസ് ട്രൈബ്യൂണൽ

മുൻവർഷങ്ങളിൽ തീർപ്പാക്കാൻ കഴിയാത്ത യാത്രാബില്ലുകൾ നൽകുന്നതിന് 04-1-യാത്രാബത്ത ശീർഷകത്തിൽ 30,000 രൂപയും വകുപ്പിൽ നിന്ന് വിരമിച്ച വിജിലൻസ് ട്രൈബ്യൂണലിന്റെ മെഡിക്കൽ റീ -ഇംബേഴ്സ്മെന്റിന് 01-4 ശീർഷകത്തിൽ 1,18,409 രൂപയും കമ്പ്യൂട്ടർ ശൃംഖലയുടെ നവീകരണത്തിന് 2.50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 3.99 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

സർക്കാർ സ്വീകരിച്ച നടപടി

വിരമിച്ച വിജിലൻസ് ട്രൈബ്യൂണലിന്റെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായി അനുമതി നൽകാത്ത സാഹചര്യത്തിൽ ഈയിനത്തിൽ അധിക തുക അനുവദിക്കേണ്ടി വന്നിട്ടില്ലാത്തതും വിവര സാങ്കേതിക വിദ്യയ്ക്കായി വിജിലൻസ് ട്രൈബ്യൂണൽ വകുപ്പിന് ശീർഷകം അനുവദിച്ച് നൽകിയിട്ടില്ലാത്തതുമാണ്.

യാത്രാബത്ത ഇനത്തിൽ ബജറ്റ് വിഹിതത്തിലും അധികരിച്ച ചെലവിന് ഉപോൽബലകമായ രേഖകളും ശിപാർശകളും വകുപ്പ് മേധാവി സർപ്പിക്കാത്തതിനാൽ 2025-26 സാമ്പത്തിക വർഷം സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടി വന്നില്ല.

(സർക്കാർ കത്ത് നം.വിജി.സി3/109/2026-വിജി. തീയതി 22.06.2026)

ശിപാർശ

2062-00-105-97-എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, തൃശ്ശൂർ

ജഡ്ജിന്റെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അടച്ചു തീർക്കുന്നതിനും വൈദ്യുത ചാർജിനും മോട്ടാർ വാഹനത്തിന്റെ അറ്റകുറ്റപണികൾക്കും കോടതി സാക്ഷികളുടെ ബത്ത, ഡിജിറ്റിലൈസേഷന്റെ ഭാഗമായി വന്ന ചെലവുകൾ എന്നിവയ്ക്കും നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6.25 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

സർക്കാർ സ്വീകരിച്ച നടപടി

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ അധിക തുക അനുവദിക്കുന്നതിനായുള്ള ശിപാർശ 2026-27 സാമ്പത്തിക വർഷത്തിൽ പുനഃസമർപ്പിക്കുവാൻ വകുപ്പ് മേധാവിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

മറ്റു ശീർഷകങ്ങളിൽ തുക അനുവദിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ യഥാസമയം നൽകാത്തതിനാലും മറ്റ് ശീർഷകങ്ങളിൽ അധിക ചെലവിന് ഉപോൽബലകമായ രേഖകൾ സമർപ്പിക്കാത്തതിനാലും 2025-26 സാമ്പത്തിക വർഷം സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടി വന്നില്ല.

(സർക്കാർ കത്ത് നം.വിജി.സി3/109/2026-വിജി. തീയതി 22.06.2026)

ശിപാർശ

2062-00-105-94- എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, കോട്ടയം

വകുപ്പ് തലവനായ ജൂഡീഷ്യൽ ഓഫീസർക്ക് SNSPC പ്രകാരം ട്രാൻസ്ഫർ ഗ്രാൻഡ് വിതരണം ചെയ്യുന്നതിന് 04-2-സ്ഥലംമാറ്റ ബത്തയിനത്തിൽ 2 ലക്ഷം രൂപയും വകുപ്പിലെ നാല് ജീവനക്കാർക്ക് അവധി യാത്രാനുകൂല്യം നൽകുന്നതിനായി 04-4-അവധിയാത്രാനുകൂല്യം ഇനത്തിൽ 25,000 രൂപയും ദിവസേന വളരെയധികം വരുന്ന

കേസ് റെക്കോർഡുകൾ ഫോട്ടോസ്റ്റാറ്റ് എടുക്കേണ്ടതിനാൽ ആയത് സമയബന്ധിതമായി കൈമാറേണ്ടതിനാൽ വകുപ്പിന് കൂടുതൽ കാര്യക്ഷമതയുള്ള ഒരു മൾട്ടിഫങ്ഷൻ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിലേക്കായി 05-4-മറ്റിനങ്ങൾ ശീർഷകത്തിൽ 2 ലക്ഷം രൂപയും വകുപ്പിന്റെ ഔദ്യോഗിക വാഹനത്തിന്റെ പെട്രോൾ ചെലവിനത്തിൽ 30,000 രൂപയും അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

സർക്കാർ സ്വീകരിച്ച നടപടി

16.07.2025 തീയതിയിലെ സ. ഉ. (സാധാ) നം. 5947/2025/ധന, 21.10.2025 തീയതിയിലെ സ. ഉ. (സാധാ) നം. 8381/2025/ധന പ്രകാരം 2062-00-105-94-04-2-സ്ഥലമാറ്റ ബത്തയിനത്തിൽ 1,75,000/- രൂപയും

22.12.2025 തീയതിയിലെ സ. ഉ. (സാധാ) നം. 10243/2025/ധന പ്രകാരം കാര്യക്ഷതയുള്ള ഒരു മൾട്ടി ഫംങ്ക്ഷൻ ഫോട്ടോസ്റ്റാറ്റ് മെഷീൻ വാങ്ങുന്നതിലേയ്ക്കായി 05-4-മറ്റിനങ്ങൾ ശീർഷകത്തിൽ 1,25,000/- രൂപയും അധികമായി അനുവദിച്ചിട്ടുണ്ട്.

മറ്റു ശീർഷകങ്ങളിൽ ബജറ്റ് വിഹിതത്തിലും അധികരിച്ച ചെലവിന് ഉപോൽബലകമായ രേഖകളും ശിപാർശകളും വകുപ്പു മേധാവി സമർപ്പിക്കാത്തതിനാൽ 2025-26 സാമ്പത്തിക വർഷം സമിതി ശിപാർശ പ്രകാരമുള്ള അധിക തുക അനുവദിക്കേണ്ടി വന്നില്ല.

(സർക്കാർ കത്ത് നം.വിജി.സി3/109/2026-വിജി. തീയതി 22.06.2026)

ശിപാർശ

2062-00-105-90 -എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ്, മൂവാറ്റുപുഴ

മൂവാറ്റുപുഴ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിന്റെ ഔദ്യോഗിക വസതിയുടെ വാടക നൽകുന്നതിന് 06-വാടക, കരം, നികുതി ശീർഷകത്തിൽ 52,500 രൂപയും വകുപ്പിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായി 1.65 ലക്ഷം രൂപയും 2023

മുതലുള്ള സാക്ഷിബാറ്റ നൽകുന്നതിന് 05-04-മറ്റിനങ്ങൾ ശീർഷകത്തിൽ 50,000 രൂപയും അധികമായി ഉപധനാഭ്യർത്ഥന / ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

സർക്കാർ സ്വീകരിച്ച നടപടി

20.08.2025 തീയതിയിലെ സ. ഉ. (സാധാ) നം. 6791/2025/ധന പ്രകാരം 2062-105-90-01-4-മെഡിക്കൽ റീ -ഇംബേഴ്സ്മെന്റ് ഇനത്തിൽ 1.63 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

മറ്റു ശീർഷകങ്ങളിൽ ചെലവ് അനുവദിച്ച വിഹിതത്തിൽ അധികരിക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(സർക്കാർ കത്ത് നം.വിജി.സി3/109/2026-വിജി. തീയതി 22.06.2026)

ശിപാർശ

2056-00-001-98-ജയിലുകളുടെ നവീകരണം
05-3-ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

സംസ്ഥാനത്തെ ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുകൊണ്ട് സ്ഥാപിച്ചിട്ടുള്ള വീഡിയോകോൺഫറൻസിംഗ് സംവിധാനത്തിന് 2 mbps ബ്രോഡ്ബാൻഡ് കണക്ടിവിറ്റി നൽകുന്ന ബി.എസ്.എൻ.എൽ.-ന് കരാർ പ്രകാരം കണക്ടിവിറ്റി ചാർജ്ജ് ത്രൈമാസ വ്യവസ്ഥയിൽ പോസ്റ്റ് പെയ്ഡ് ആയി അനുവദിക്കുന്നതിനും 2025 ജനുവരി മുതൽ ഡിസംബർ വരെയുള്ള കാലയളവിലേക്ക് കണക്ടിവിറ്റി Annual Recurring Charge നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 67.93 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 90)

സ്വീകരിച്ച നടപടി

ജയിലുകളെയും കോടതികളെയും തമ്മിൽ ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിന് ബ്രോഡ്ബാന്റ് കണക്ടിവിറ്റി നൽകുന്നതിനായി ജയിൽ വകുപ്പും ബി .എസ്.എൻ.എൽ.-മായുള്ള കരാർ അനുസരിച്ച് പ്രസ്തുത കണ്ക്ടിവിറ്റിയുടെ വാർഷിക ആവർത്തന ചെലവുകൾക്ക് വേണ്ടിയുള്ള തുക ഈ ശീർഷകത്തിൽ നിന്നുമാണ് ചെലവഴിക്കുന്നത് . പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരുന്ന തുക അപര്യാപ്തമായതിനാൽ 04.11.2025 തീയതിയിലെ G.O.(Rt)No.8875/2025/Fin നമ്പർ ഉത്തരവ് പ്രകാരം 17.43 ലക്ഷം രൂപയും 18.01.2026 തീതിയിലെ G.O.(Rt)No.508/2026/Fin നമ്പർ ഉത്തരവ് പ്രകാരം 25.26 ലക്ഷം രൂപയും 13.03.2026 തീയതിയിലെ G.O.(Rt)No.2708/2026/Fin നമ്പർ ഉത്തരവ് പ്രകാരം 25.24 ലക്ഷം രൂപയും ചേർത്ത് ആകെ 67.93 ലക്ഷം രൂപ അധികമായി അനുവദിക്കുകയും അത് പൂർണമായും ചെലവഴിക്കുകയും ചെയ്തിട്ടുള്ളതാണ്.

(സർക്കാർ കത്ത് നം.ബി2/112/2026/ആഭ്യന്തരം തീയതി 23.04.2026)

ശിപാർശ

2056-00-001-98-ജയിലുകളുടെ നവീകരണം
17-ചെറുകിടമരാമത്ത് പണികൾ

വിവിധ ജയിലുകളിലെ കാലപ്പഴക്കം വന്ന കെട്ടിടങ്ങളുടെ റിപ്പയർ പ്രവൃത്തികൾ, ഡ്രയിനേജ് നവീകരണ പ്രവൃത്തികൾ, വിവിധ ബ്ലോക്കുകളുടെ അറ്റകുറ്റപ്പണികൾ എന്നീ ചെലവുകളിലേക്ക് ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 91)

സ്വീകരിച്ച നടപടി

വിവിധ ജയിലുകളിലെ മതിലുകൾ , കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ , നവീകരണ-നിർമ്മാണ പ്രവൃത്തികൾ, ഡ്രെയിനേജ്, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് തുടങ്ങിയ പ്രവർത്തികൾക്കുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ നിന്നുമാണ് തുക ചെലവഴിക്കുന്നത്. പ്രസ്തുത ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിന് അവസാന ബാച്ച് എസ്.ഡി.ജി.-യിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല.

(സർക്കാർ കത്ത് നം.ബി2/112/2026/ആഭ്യന്തരം തീയതി 23.04.2026)

ശിപാർശ

2056-00-101-99-ജയിലുകൾ
05-1-ഓഫീസ് ചെലവുകൾ-വെള്ളക്കരം

ജയിലുകളിൽ വെള്ളത്തിന്റെ ഉപഭോഗം കൂടുതലായതിനാൽ വാട്ടർ ചാർജ്ജ് ബില്ലുകൾ കുടിശ്ശിക വരുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 92)

സ്വീകരിച്ച നടപടി

ജയിലുകളിലെ വെള്ളക്കരം ഒടുക്കുന്നതിനായി തുക അനുവദിക്കുന്നത് ഈ ശീർഷകത്തിൽ നിന്നുമാണ്. ജയിലുകളിലെ വെള്ളത്തിന്റെ ഉപയോഗം കൂടി വരുന്ന സാഹചര്യത്തിൽ പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിരുന്ന തുക അപര്യാപ്തമായിരുന്നതിനാൽ 03.07.2025 തീയതിയിലെ G.O.(Rt)No.5652/2025/Fin നമ്പർ ഉത്തരവ് പ്രകാരം 50 ലക്ഷം രൂപയും 29.01.2026 തീയതിയിലെ G.O.(Rt)No.849/2026/Fin നമ്പർ ഉത്തരവ് പ്രകാരം 1 കോടി രൂപയും അവസാന ബാച്ച് എസ്.ഡി.ജി.-യിൽ 24.12.2026 തീയതിയിൽ അനുവദിച്ച 1.25 കോടി

രൂപയും ചേർത്ത് ആകെ 2.75 കോടി രൂപ അധികമായി അനുവദിച്ചിരുന്നു. വിവിധ ജയിൽ സ്ഥാപനങ്ങളിലായി പെൻഡിംഗുണ്ടായിരുന്ന വാട്ടർ ബിൽ തുക 29.01.2026 തീയതിയിൽ അധികമായി അനുവദിച്ച 1 കോടി രൂപയിൽ നിന്നും ചെലവഴിച്ചിരുന്നു. ഈ തുക ചെലവഴിച്ചതിന് ശേഷമാണ് 24.02.2026 തീയതിയിൽ അവസാന ബാച്ച് എസ്.ഡി.ജി.-യിൽ 1.25 കോടി രൂപ അനുവദിച്ചത്. അതിനാൽ എസ്.ഡി.ജി.-യിൽ അനുവദിച്ച തുകയിൽ നിന്നും 30,37,726/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

(സർക്കാർ കത്ത് നം.ബി2/112/2026/ആഭ്യന്തരം തീയതി 23.04.2026)

ശിപാർശ

2056-00-101-99-ജയിലുകൾ
21-2-മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

ജയിലുകളിലെ പഴക്കം ചെന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സ്പെയർ പാർട്സുകൾ വാങ്ങുന്നതിനും ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

സ്വീകരിച്ച നടപടി

ജയിലുകളിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും വാഹനങ്ങളുടെ സ്പെയർ പാർട്സുകൾ വാങ്ങുന്നതിനുമുള്ള തുക ഈ ശീർഷകത്തിൽ നിന്നുമാണ് അനുവദിക്കുന്നത്. പ്രസ്തുത ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 05.11.2025 തീയതിയിലെ G.O.(Rt)No.8921/2025 നമ്പർ ഉത്തരവ് പ്രകാരം 3 ലക്ഷം രൂപയും 19.02.2026 തീയതിയിലെ G.O.(Rt)No.1621/2026 നമ്പർ ഉത്തരവ് പ്രകാരം 2 ലക്ഷം രൂപയും ചേർത്ത് ആകെ 5 ലക്ഷം രൂപ അധികമായി അനുവദിച്ചിരുന്നു. അത് ഏകദേശം പൂർണമായും വിനിയോഗിച്ചിട്ടുള്ളതാണ്.

(സർക്കാർ കത്ത് നം.ബി2/112/2026/ആഭ്യന്തരം തീയതി 23.04.2026)

ശിപാർശ

2056-00-101-99-ജയിലുകൾ
34-3-മറ്റുചെലവുകൾ-മറ്റിനം

തടവുകാരുടെ വേതനം, ചികിത്സാചെലവ്, കോടതികളിൽ ഹാജരാക്കുന്നതിന് വേണ്ടി വരുന്ന ബാറ്റ, ബാർബർ ചാർജ്ജസ്, തടവുകാർ ജയിൽ മോചിതരാകുന്ന മുറയ്ക്ക് നൽകേണ്ട വേതനം എന്നീ ചെലവുകൾക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

സ്വീകരിച്ച നടപടി

ജയിലുകളിലെ തടവുകാരുടെ വേതനം , ചികിത്സ ചെലവ് , മരുന്ന്, കോടതിയിൽ ഹാജരാക്കുന്നതിനുള്ള ബത്ത , ബാർബർ ചാർജ്ജസ് എന്നീ ചെലവുകൾക്കായുള്ള തുക ഈ ശീർഷകത്തിൽ നിന്നുമാണ് ചെലവഴിക്കുന്നത് . പ്രസ്തുത ശീർഷകത്തിൽ തുക അപര്യാപ്തമായതിനാൽ 02.12.2025 തീയതിയിലെ G.O.(Rt)No.9668/2025 നമ്പർ ഉത്തരവ് പ്രകാരം 4 കോടി രൂപയും 13.03.2026 തീയതിയിലെ G.O.(Rt)No.2775/2026 നമ്പർ ഉത്തരവ് പ്രകാരം 2 കോടി രൂപയും ചേർത്ത് ആകെ 6 കോടി രൂപ അധികമായി അനുവദിച്ചിരുന്നു. സാമ്പത്തിക വർഷം അവസാനത്തോടെയാണ് ഈ ശീർഷകത്തിൽ അധികമായി 2 കോടി രൂപ അനുവദിച്ചിരുന്നത്. അക്കാരണത്താൽ അധികമായി അനുവദിച്ച തുക പൂർണമായും വിനിയോഗിക്കുവാൻ സാധിച്ചിരുന്നില്ല.

(സർക്കാർ കത്ത് നം.ബി2/112/2026/ആഭ്യന്തരം തീയതി 23.04.2026)

ശിപാർശ

2056-00-101-99-ജയിലുകൾ

45-പി.ഒ.എൽ

ജയിലുകളിലെ ഔദ്യോഗിക ആവശ്യങ്ങൾക്കും തടവുകാരെ ഹോസ്പിറ്റലിൽ എത്തിക്കുന്നതിനും ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധനചെലവ് നിർവ്വഹിക്കുവാൻ നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

സ്വീകരിച്ച നടപടി

ജയിലുകളിലെ വാഹനങ്ങളുടെ ഇന്ധന ചെലവിനായുള്ള തുക ഈ ശീർഷകത്തിൽ നിന്നുമാണ് അനുവദിക്കുന്നത്. ഇന്ധന വിലയിലെ വർദ്ധനവ് കാരണം ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 02.12.2025 തീയതിയിലെ G.O. (Rt)No.9668/2025 നമ്പർ ഉത്തരവ് പ്രകാരം 5 ലക്ഷം രൂപ അധികമായി അനുവദിച്ചിരുന്നു.

(സർക്കാർ കത്ത് നം.ബി2/112/2026/ആഭ്യന്തരം തീയതി 23.04.2026)

ശിപാർശ

2056-00-101-99 -ജയിലുകൾ

56-ഭക്ഷണവും ധനസഹായവും

ഭക്ഷ്യസാധനങ്ങളുടെയും, മറ്റ് നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധിച്ചുവരുന്ന സാഹചര്യവും ഭക്ഷ്യസാധനങ്ങളും , നിത്യോപയോഗ സാധനങ്ങളും ജയിലുകളിൽ വാങ്ങിയ ഇനത്തിൽ ത്രിവേണി, സപ്ലൈകോ, ഹോർട്ടികോർപ്പ്, മത്സ്യഫെഡ് തുടങ്ങിയ സ്ഥാപനങ്ങൾക്ക് നൽകാനുള്ള കുടിശ്ശിക തുകയും കണക്കിലെടുത്ത് ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

സ്വീകരിച്ച നടപടി

ജയിലുകളിലെ തടവുകാരുടെ ഭക്ഷ്യസാധനങ്ങൾക്കുള്ള തുക ഈ ശീർഷകത്തിൽ നിന്നുമാണ് അനുവദിക്കുന്നത്. ഭക്ഷ്യ സാധനങ്ങളുടേയും മറ്റ് നിത്യോപയോഗ സാധനങ്ങളുടേയും തുക ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 02.12.2025 തീയതിയിലെ G.O(Rt) No. 9668/2025/Fin നമ്പർ ഉത്തരവ് പ്രകാരം 10 കോടി രൂപയും 18.01.2026 തീയതിയിലെ G.O.(Rt)No.521/2026/Fin നമ്പർ ഉത്തരവ് പ്രകാരം 5 കോടി രൂപയും 19.03.2026 തീയതിയിലെ G.O(Rt)No.3058/2026/Fin നമ്പർ ഉത്തരവ് പ്രകാരം 1 കോടി രൂപയും ചേർത്ത് ആകെ 16 കോടി രൂപ അധികമായി അനുവദിക്കുകയും അത് ഏകദേശം പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുള്ളതാണ്.

(സർക്കാർ കത്ത് നം.ബി2/112/2026/ആഭ്യന്തരം തീയതി 23.04.2026)

ശിപാർശ

2070-00-108-98-പ്രതിരോധവും നിയന്ത്രണവും

ഫയർ ആന്റ് റസ്ക്യൂ വകുപ്പിലെ ജീവനക്കാരുടെ യാത്രാബത്ത ഉൾപ്പെടെയുള്ള വിവിധ അലവൻസുകൾക്കായി നിലവിലെ തുക അപര്യാപ്തമായതിനാൽ താഴെപ്പറയും പ്രകാരമുള്ള ശീർഷകങ്ങൾക്കെല്ലാം കൂടി ആകെ 8 കോടി രൂപ അധികമായി ഉപധനാഭ്യർത്ഥന/ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

	ആവശ്യപ്പെടുന്ന തുക
04-1-യാത്രാബത്ത	4 കോടി രൂപ
21-2-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും	1 കോടി രൂപ
34-3-മറ്റിനം	1 കോടി രൂപ
45-പി.ഒ.എൽ.	2 കോടി രൂപ

(ഖണ്ഡിക 101)

സർക്കാർ സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2025-26 സാമ്പത്തിക വർഷം 2070-00-108-98-01-ജില്ലാ ജീവനക്കാർ എന്ന കണക്കിനത്തിൽ 04-01-ടൂർ ടി എ എന്ന ശീർഷകത്തിൽ സർക്കാർ ഉത്തരവ് (ആർ.ടി)നം.643/2026 ധന തീയതി, 22.01.2026 പ്രകാരം 1.32 കോടി രൂപ അഡീഷണൽ ഫണ്ടായി അനുവദിക്കുകയും ടി തുക വിനിയോഗിക്കുകയും ചെയ്തിട്ടുള്ളതാണ്. 2070-00-108-98-01-34-3 മറ്റിനങ്ങൾ ശീർഷകത്തിൽ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 20,00,000 (ഇരുപത് ലക്ഷം) രൂപയുടെ അധിക ധനാനുമതി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല. ടി ശീർഷകങ്ങളിലെ തുക വിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ശീർഷകം 2070-00-108-98-	ബജറ്റ് ഗ്രാന്റ്	അധിക ധനാനുമതി തുക	ആകെ അനുവദിച്ച തുക	ചെലവഴിച്ച തുക
04-01-ടൂർ ടി.എ	20000000	13200000	33200000	33090816
21-2 മോട്ടോർ വാഹനങ്ങൾ	15000000	0	15000000	14950936
34-03 മറ്റിനങ്ങൾ	803000	0	803000	747850
45-പി.ഒ.എൽ	63000000	0	63000000	62955436

(സർക്കാർ കത്ത് നം.F2/138/2025-HOME തീയതി, 13.08.2026)

ശിപാർശ

2070-00-108-97-പരിശീലനം

വിയ്യൂർ ഫയർ ആന്റ് റസ്ക്യൂ സർവീസസ് അക്കാഡമിയുടെയും ഫോർട്ട് കൊച്ചി ജലസുരക്ഷാ വിദഗ്ധ പരിശീലന കേന്ദ്രത്തിന്റെയും ജീവനക്കാരുടെ യാത്രാചെലവുകൾ, മോട്ടോർ വാഹനങ്ങൾ , പി.ഒ.എൽ. എന്നീ ശീർഷകങ്ങളിൽ അനുവദിച്ച തുക അപര്യാപ്തമാകയാൽ 04-1-യാത്രാബത്ത, 21-2 മോട്ടോർ വാഹനങ്ങൾ, 45-പി.ഒ.എൽ. എന്നിവയിൽ യഥാക്രമം 7 ലക്ഷം, 3 ലക്ഷം, 8 ലക്ഷം

എന്നിങ്ങനെ ആകെ 18 ലക്ഷം രൂപ അധികമായി ഉപധനാഭ്യർത്ഥന/ ധനപുന:വിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 102)

സർക്കാർ സ്വീകരിച്ച നടപടി

2070-00-108-97-(03) പരിശീലനം-04-01-ടൂർ ടി.എ ശീർഷകത്തിൽ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 5,50,000/- രൂപ ധനപുന:വിനിയോഗം വഴി വകയിരുത്താൻ പ്രോപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ചിരുന്നില്ല. മറ്റ് ശീർഷകങ്ങളിൽ അധിക തുകകൾ ആവശ്യമായി വരാത്തതിനാൽ ധനാനുമതി ശിപാർശകൾ വകുപ്പ് മേധാവി ലഭ്യമാക്കിയിരുന്നില്ല. ടി ശീർഷകങ്ങളിലെ തുക വിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ശീർഷകം 2070-00-108-97	ബജറ്റ് ഗ്രാന്റ്	അധിക ധനാനുമതി തുക	ആകെ അനുവദിച്ച തുക	ചെലവഴിച്ച തുക
04-01-ടൂർ ടി.എ	100000	0	100000	87934
21-2 മോട്ടോർ വാഹനങ്ങൾ	103000	0	103000	99050
45-പി.ഒ.എൽ	473000	0	473000	188974

(സർക്കാർ കത്ത് നം.F2/138/2025-HOME തിയതി, 13.08.2026)

പതിനാറാം കേരള നിയമസഭയുടെ 23.06.2026 ലെ ബുള്ളറ്റിൻ - ഭാഗം 2 നം. 24 പ്രകാരം 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട്കമ്മിറ്റി XIV-ന്റെ അഞ്ചാമത് റിപ്പോർട്ടിലെ വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട ഖണ്ഡികകൾ സബ്ജക്ട് കമ്മിറ്റി IV (വ്യവസായവും ധാതുക്കളും)ലേയ്ക്കും, പാർലമെന്ററി കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റി VII

(വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)ലേയ്ക്കും, നീതിന്യായ നിർവ്വഹണം, തിരഞ്ഞെടുപ്പുകൾ, പൊതുഭരണം, ഇൻഫർമേഷനും പബ്ലിക് റിലേഷനും, പ്രവാസി കേരളീയരുടെ കാര്യങ്ങൾ, വിമാനഗതാഗതം ശാസ്ത്രവും സാങ്കേതികവിദ്യയും മറ്റ് ഏതൊരു കമ്മിറ്റിയിലും ഉൾപ്പെടാത്ത മറ്റ് എല്ലാ വിഷയങ്ങളും സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തികകാര്യങ്ങൾ)ലേയ്ക്കും മറ്റിയിരിക്കുന്നു. അതിൻപ്രകാരം കൈമാറിയ ശിപാർശ ഖണ്ഡികകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു..

ക്രമ നം.	ശിപാർശ ഖണ്ഡികകൾ	വകുപ്പ്	കൈമാറിയ സബ്ജക്ട് കമ്മിറ്റി
1.	146, 147, 148, 149, 150, 151, 152, 153, 154, 155, 156, 157, 158, 159, 160, 16	ഇലക്ട്രോണിക്സ് ആന്റ് വിവരസാങ്കേതികവിദ്യാ വകുപ്പ്	**സബ്ജക്ട് കമ്മിറ്റി IV (വ്യവസായവും ധാതുക്കളും**
2.	13, 14	പാർലമെന്ററികാര്യ വകുപ്പ്	**സബ്ജക്ട് കമ്മിറ്റി VII (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും)**
3.	1, 2, 3, 4, 5, 6, 7, 8, 10, 11, 12, 15, 16, 100	പൊതുഭരണ വകുപ്പ്	**സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)**
4.	9, 17, 26, 27, 28, 29, 30, 31, 32, 33, 34, 35, 36, 37, 38, 39, 40, 43, 44, 45, 46, 47, 48, 49	നിയമവകുപ്പ്	**സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)**
5.	18, 23, 24, 144, 145,	പദ്ധതിനിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്	**സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)**
	19, 20, 21, 22, 25, 141, 142, 143,	ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്	**സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)**

6.	41, 42	ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ്	**സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)**
7.	104, 105	ഉദ്യോഗസ്ഥഭരണപരിഷ്കാര (ഔദ്യോഗികഭാഷാ) വകുപ്പ്	**സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)**
8.	51, 52, 53	ഇലക്ഷൻ വകുപ്പ്	**സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)**
9.	56	ദുരന്തനിവാരണ വകുപ്പ്	**സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)**
10.	106, 107, 108, 109, 110, 112, 113	ശാസ്ത്രസാങ്കേതികവകുപ്പ്	**സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)**
11.	162, 163, 164, 165, 166, 167, 168, 169	ഗതാഗത ഇ വകുപ്പ്	**സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)**
12.	97, 98, 99, 103	സ്റ്റോർസ് പർച്ചേസ് വകുപ്പ്	**സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)**
13.	119, 120, 121, 122, 123, 124, 125, 126, 127, 128, 129, 130, 131, 132, 133, 134	വിവരപൊതുജന സമ്പർക്ക വകുപ്പ്	**സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)**
14.	135, 136, 137, 138, 139, 140	കേരളീയ പ്രവാസികാര്യ വകുപ്പ്	**സബ്ജക്ട് കമ്മിറ്റി VIII (സാമ്പത്തിക കാര്യങ്ങൾ)**

ഭാഗം – II

സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലാത്ത ശിപാർശകളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. (23.06.2026 ലെ ബുള്ളറ്റിൻ നം. 24 ഭാഗം 2 പ്രകാരം സബ്ജക്ട് കമ്മിറ്റി IV, VII, VIII എന്നിവിടങ്ങളിലേയ്ക്ക് കൈമാറി നൽകിയ ശിപാർശകൾ ഒഴികെ)

ശിപാർശ / ഖണ്ഡിക നമ്പർ	വകുപ്പ്
57, 58, 59, 60, 61, 62, 63, 64, 65, 66, 67, 68, 70, 71, 72, 73, 74, 75, 76, 77, 78, 79, 80, 81, 82, 83, 114, 115, 116, 117, 118	ആഭ്യന്തര (ഇ) വകുപ്പ്

തിരുവനന്തപുരം,
15.10.2026.

രമേശ് ചെന്നിത്തല,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി XIV